KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/ 04/ 2021

# "ശനി, ഞായർ - ശക്തമായ നിയന്ത്രണങ്ങളുമായി സിററി പോലീസ്"

കൊല്ലം : ശനി, ഞായർ ദിവസങ്ങളിൽ കോവിഡ് വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കുന്ന നിയന്ത്രണങ്ങൾ സമ്പൂർണ്ണമാക്കാൻ സിറ്റി പോലീസ്. ജനജീവതത്തെ ബാധിക്കാതെ സമാനതകളില്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കോവിഡ് വ്യാപനം നിയന്ത്രണ വിധേയമാക്കാൻ പോലീസ് നടപടികൾ ശക്തമാക്കി കൊല്ലം സിറ്റി പോലീസ്. അവശ്യ സേവന വിഭാഗങ്ങളും, പരീക്ഷാർത്ഥികളെയും, 24 മണിക്കൂർ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, പാൽ, പലചരക്ക്,പച്ചക്കറി, മാംസം, മത്സ്യം തുടങ്ങിയവ വിൽക്കുന്ന കടകൾ എന്നിവയെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കോവിഡ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത മുൻനിശ്ചയ പ്രകാരമുള്ള വിവാഹം, മറ്റ് ചടങ്ങുകൾ എന്നിവയിൽ 75 പേർക്ക് പങ്കെടുക്കാം. റംസാൻ നോമ്പിന്റെ ഭാഗമായി കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് രാത്രി 09.00 ന് ശേഷം പ്രാർത്ഥന അവസാന ചടങ്ങുകൾ നടത്താം. പുറത്തിറങ്ങുന്നവർ തൊഴിൽ സ്ഥലത്തെ ഐ.ഡി കാർഡും സത്യവാങ്മൂലത്തിന് സമാനമായ രേഖയും കൈയ്യിൽ കരുതേണ്ടതാണ്. പോലീസ് വിന്യാസം ശക്തമാക്കുന്നതിന് സ്പെഷ്യൽ യൂണിറ്റുകളിൽ നിന്നുമുള്ള പോലീസുദ്യോഗസ്ഥർ കൂടി എത്തി ചേർന്നതോടെ വരും ദിവസങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് അറിയിച്ചു. കഴിഞ്ഞ ഒരാഴ്ചക്കാലമായി നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിൽ 44610 പേർക്കെതിരെ മാസ്ക്ക് ധരിക്കാതിരുന്നതിനും സാമൂഹ്യ അകലം പാലിക്കാതിരുന്ന 21789 പേർക്കെതിരെയും നടപടി സ്വീകരിച്ചു. സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പ്രവർത്തിക്കുന്ന 124 സ്ക്വാഡുകൾ 196472 പേർക്ക് തക്കീത് നൽകുകയും മാസ്ക്ക് ധരിക്കാതിരുന്നതിന് 8075900, സാമൂഹ്യ അകലം പാലിക്കാതിരുന്നതിന് 4039700 രൂപായും പൊതുജനങ്ങൾ പിഴ ഒടുക്കിയിട്ടുണ്ട്. ജില്ലയിലെ പ്രധാന ജംഗ്ഷനുകളും നിരത്തുകളും കേന്ദ്രീകരിച്ചും ശക്തമായ പോലീസ് പരിശോധനകൾ ശനി, ഞായർ ദിവസങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പൊതുജനങ്ങൾ പോലീസ് നടപടികളോട് സഹകരിക്കണമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിക്കുന്നു.